Break the chain

# കേരളസർവകലാശാല

നം.പി.ആർ.155/2021

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021–22
### സ്പോർട്സ് ക്വാട്ട പ്രവേശനം.

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.ടി., ഐ.എച്ച്.ആർ.ഡി. കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2021 – 22 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു. സ്പോർട്സ് ക്വാട്ട പ്രവേശനത്തിനായുള്ള രജിസ്ട്രേഷൻ ഓൺലൈനായി നടത്തുന്നതാണ്. കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്സ് കോളത്തിന് നേരെ 'യെസ്' എന്ന് രേഖപ്പെടുത്തണം. സ്പോർട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളൂ.

സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പ് അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതിക്കുള്ളിൽ നേരിട്ടോ, പ്രതിനിധി മുഖേനയോ ഇ–മെയിൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ്ക്വാട്ട സീറ്റുകളിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജിൽ ഒരു പ്രൊഫോർമ സമർപ്പിച്ചാൽ മതി.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിലും, 9188524610 എന്ന നമ്പരിലേക്ക് വാട്സാപ്പ് മുഖേനയും (മെസ്സേജ് മാത്രം) ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 17 ന് അവസാനിക്കുന്നതാണ്.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## സ്പോർട്സ് ക്വാട്ട പ്രവേശനം

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള സ്പോർട്സ് ക്വാട്ട പ്രൊഫോർമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്സ് ക്വാട്ട യിൽ പ്രവേശന താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാവുന്ന തീയതിക്കു മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്ത നിശ്ചിത തീയതിക്ക് മുൻപായി കോളേജിൽ പ്രൊഫോർമ സമർപ്പിക്കുകയോ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യുന്നവർ മാത്രമേ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുകയും പ്രവേശനത്തിന് അർഹത നേടുകയും ചെയ്യുകയുള്ളൂ. പ്രൊഫോർമ സമർപ്പിച്ചിട്ടുള്ള കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ മാത്രമേ വിദ്യാർത്ഥി ഉൾപ്പെടുകയുള്ളൂ എന്നുള്ള കാര്യം ശ്രദ്ധിക്കുക.

സ്പോർട്സ് ക്വാട്ട പ്രവേശനം സംബന്ധിച്ച മറ്റ് വിശദ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് കാണുക. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 17 വരെ മാത്രമാണ്.

## ബി.എ മ്യൂസിക് പ്രവേശനം

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മൂന്ന് ആർട്സ് ആന്റ് സയൻസ് കോളജുകളിലെ (എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ് കോളേജ് ഫോർ വിമൺ, നീറമൺകര, ഗവൺമെന്റ് കോളേജ് ഫോർ വിമൺ, വഴുതക്കാട്, എസ്.എൻ. കോളേജ് ഫോർ വിമൺ, കൊല്ലം) ബി.എ. മ്യൂസിക് കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷാഫോമിന്റെ പകർപ്പ് അതാത് കോളേജുകളിൽ നേരിട്ടോ ഇ-മെയിൽ മുഖാന്തിരമോ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാവുന്ന തീയതിക്കു മുൻപായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ-മെയിൽ ഐ.ഡി അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം അപേക്ഷകൾ കോളേജുകളിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ സമർപ്പിക്കുന്നവരെ മാത്രമേ ബി.എ. മ്യൂസിക് പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 17.

## പ്രാക്ടിക്കൽ/വൈവ

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. ബോട്ടണി പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ആഗസ്റ്റ് 10 മുതൽ 12 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (2013 സ്കീം) ഡിസംബർ 2020 ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ശാഖയുടെ മാറ്റിവച്ച പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 13 ന് ലൂർദ് മാതാ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ. സോഷ്യോളജി (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി, മേഴ്സിചാൻസ് (1984 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ വൈവാ വോസി ആഗസ്റ്റ് 12 ന് ഓൺലൈനായി നടത്തുന്നതാണ്. വിശദവിവരങ്ങൾ സർവകലാശാല/എസ്.ഡി.ഇ. വെബ്സൈറ്റുകളിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. ഡിഗ്രി പരീക്ഷകളുടെ (2017 & 2018 അഡ്മിഷൻ) പ്രാക്ടിക്കൽ, പ്രോജക്ട്

ഇവാല്യുവേഷൻ പരീക്ഷകൾ ആഗസ്റ്റ് 12 മുതൽ തോന്നയ്ക്കൽ എ.ജെ. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ എം.എ. ഹിസ്റ്ററി (വിദൂരവിദ്യാഭ്യാസം) പരീക്ഷയുടെ വൈവാ വോസി ആഗസ്റ്റ് 16 ന് പാളയത്തുളള ഗാന്ധിയൻ സ്റ്റഡി സെന്ററിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ അവസാന വർഷ ബി.എ. (മെയിൻ ആന്റ് സബ്സിഡിയറി)/ബി.എ. അഫ്സൽ – ഉൽ – ഉലാമ ഡിഗ്രി (ആന്വൽ സ്കീം) പരീക്ഷകൾ ആഗസ്റ്റ് 13 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. (ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം – സി.ബി.സി.എസ്.എസ്.), ബി.എ./ബി.എസ്സി./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.എം.എസ്./ബി.എസ്.ഡബ്ല്യൂ./ബി.വോക്. (കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം – സി.ബി.സി.എസ്.എസ്.) റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ് (ആഗസ്റ്റ് 2021) ഡിഗ്രി പരീക്ഷകളുടെ രജിസ്ട്രേഷൻ പിഴകൂടാതെ ആഗസ്റ്റ് 11 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 13 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 17 വരെയും പുനഃക്രമീകരിച്ചിരിക്കുന്നു.

കേരളസർവകലാശാലയുടെ ഒന്നും രണ്ടും വർഷ ബി.എ./ബി.എ. അഫ്സൽ – ഉൽ – ഉലാമ ഡിഗ്രി (ആന്വൽ സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 11 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 400 രൂപ പിഴയാടെ ആഗസ്റ്റ് 18 വരെയും അപേക്ഷിക്കാം.

കേരളസർവകലാശാല 2021 സെപ്റ്റംബറിൽ ആരംഭിക്കുന്ന ആറ്, എട്ട്, ഒൻപത്, പത്ത് സെമസ്റ്റർ ബി.ആർക്ക്. (സപ്ലിമെന്ററി – 2013 സ്കീം) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ആഗസ്റ്റ് 17 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നും രണ്ടും വർഷ ബി.ബി.എ. റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 17 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ ഒന്നും രണ്ടും വർഷ ബി.കോം. ആന്വൽ പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി ഏപ്രിൽ 2020 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായും ഓഫ്ലൈനായും ആഗസ്റ്റ് 18 വരെ അപേക്ഷിക്കാം. പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2021 പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് 12 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഹാൾടിക്കറ്റ്

കേരളസർവകലാശാല 2021 ആഗസ്റ്റ് 13 ന് ആരംഭിക്കുന്ന ബി.എ. ആന്വൽ സ്കീം പ്രൈവറ്റ് ആന്റ് സപ്ലിമെന്ററി വിദ്യാർത്ഥികൾ അവസാന വർഷ പരീക്ഷയ്ക്കും സെപ്റ്റംബർ 9 ന് ആരംഭിക്കുന്ന ഒന്ന്, രണ്ട് വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്കും പ്രത്യേകം ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യേണ്ടതാണ്.

## <u>സൂക്ഷ്മപരിശോധന</u>

കേരളസർവകലാശാല 2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ./ബി.എസ്‌സി./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.വോക്./ബി.എസ്.ഡബ്ല്യൂ./ബി.പി.എ. സി.ബി.സി.എസ്. കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡ്/ഹാൾടിക്കറ്റുമായി (ഇ.ജെ III – മൂന്ന്) സെക്ഷനിൽ ആഗസ്റ്റ് 10 മുതൽ 18 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## <u>പെൻഷൻ/ഫാമിലി പെൻഷൻ മസ്റ്ററിംഗ്</u>

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരിൽ ഈ വർഷം ഇതുവരെ മസ്റ്റർ ചെയ്യാത്തവർ 2021 സെപ്റ്റംബർ 15 ന് മുൻപായി സർവകലാശാല പെൻഷൻ വിഭാഗത്തിൽ നേരിട്ടെത്തിയോ, ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ഈ കാലയളവിനുള്ളിൽ മസ്റ്റർ ചെയ്യാത്തവർക്ക് 2021 ഒക്ടോബർ മുതൽ പെൻഷൻ ലഭിക്കുന്നതല്ല.

തിരുവനന്തപുരം,
09.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**
**University information is available on 9188526670, 9188526671, 9188526674, 9188526675**